LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ ടി.എ., ഡി.എ.

5 [5] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാന മന്ത്രിസഭയിലെ ഓരോ അംഗവും ടി.എ., ഡി.എ. ഇനത്തിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതേ കാലയളവിൽ ഓരോ മന്ത്രിമാരും ടെലിഫോൺ ചാർജ്ജ് ഇനത്തിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതേ കാലയളവിൽ ഓരോ മന്ത്രിമാരും മൊബൈൽ ഫോൺ ചാർജ്ജ് ഇനത്തിൽ ചെലവഴിച്ച തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും ലാന്റ് ഫോൺ, മൊബൈൽ ഫോൺ ഇനത്തിൽ ചെലവഴിച്ച തുക

6 [6] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 മേയ് 31 വരെ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും ലാന്റ് ഫോൺ, മൊബൈൽ ഫോൺ ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ അതിഥി സൽക്കാരം, ഔദ്യോഗിക വസതി മോടിപിടിപ്പിക്കൽ എന്നീ ഇനങ്ങളിൽ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും എത്ര തുക വീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇതേ കാലയളവിൽ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും ഔദ്യോഗികാവശ്യാർത്ഥം എത്രതവണ വീതം ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ടെന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) 2004 മേയ് 31 വരെയുള്ള കാലയളവിൽ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും എത്ര തവണ വീതം ഡൽഹി യാത്ര നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുബന്ധം 6

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5 (5) ദയവായി കാണുക]

മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ വിവിധ ഇനങ്ങളിൽ 15-6-2004 വരെ ചെലവഴിച്ച തുകയുടെ സ്റ്റേറ്റ്മെന്റ്

ക്രമ നം.	മന്ത്രിമാർ	ടിഎ, ഡിഎ	ടെലഫോൺ ചാർജ്ജ്	മൊബൈൽ ഫോൺ ചാർജ്ജ്
(1)	(2)	(3)	(4)	(5)
1.	ശ്രീ. എ. കെ. ആന്റണി, മുഖ്യമന്ത്രി.	2,58,437	12,60,610	1,44,798
2.	ശ്രീ. നാലകത്ത് സൂപ്പി, വിദ്യാഭ്യാസ വകുപ്പുമന്ത്രി	7,91,477	14,73,107	4,60,561
3.	ശ്രീ. എം. വി. രാഘവൻ, സഹകരണവും പോർട്ടും വകുപ്പുമന്ത്രി	7,49,806	10,24,108	1,64,333
4.	ശ്രീ. കെ. സുധാകരൻ, വനം വകുപ്പുമന്ത്രി	6,38,136	11,19,289	3,94,608
5.	ശ്രീ. കെ. ശങ്കരനാരായണൻ , ധനകാര്യ വകുപ്പുമന്ത്രി	2,89,182	8,87,561	1,11,268
6.	ശ്രീമതി കെ. ആർ. ഗൗരിയമ്മ, കൃഷിയും കയറും വകുപ്പുമന്ത്രി	2,17,468	4,42,119	45,279
7.	ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ഗതാഗത വകുപ്പുമന്ത്രി	1,07,993	51,928	30,491
8.	ശ്രീ. ചെർക്കളം അബ്ദുള്ള, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി	8,51,345	9,85,334	3,74,311
9.	ശ്രീ. ബാബു ദിവാകരൻ, തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി	8,59,905	7,94,599	97,570
10.	ശ്രീ. സി. എഫ്. തോമസ്, ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി	7,61,026	6,07,648	74,526
11.	ശ്രീ. ടി. എം. ജേക്കബ്, ജലവിഭവ വകുപ്പുമന്ത്രി	8,26,539	12,20,431	1,14,886

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 6—(തുടർച്ച)

ക്രമ നം.	മന്ത്രിമാർ	ടി.എ., ഡി.എ.	ടെലഫോൺ ചാർജ്ജ്	മൊബൈൽ ഫോൺ ചാർജ്ജ്
(1)	(2)	(3)	(4)	(5)
12.	ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി	4,43,765	13,61,872	3,83,630
13.	ശ്രീ. കെ. എം. മാണി, റവന്യൂവും നിയമവും വകുപ്പുമന്ത്രി	6,97,186	11,40,346	1,41,366
14.	ശ്രീ. ജി. കാർത്തികേയൻ, ഭക്ഷ്യവും സാംസ്കാരികവും വകുപ്പുമന്ത്രി	7,70,775	6,61,070	86,203
15.	ഡോ. എം. എ. കുട്ടപ്പൻ, പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി	7,73,253	6,42,413	75,633
16.	ശ്രീ. പി. ശങ്കരൻ, ടൂറിസം വകുപ്പുമന്ത്രി	6,35,289	9,20,197	1,24,776
17.	ശ്രീ. കടവൂർ ശിവദാസൻ, ആരോഗ്യ വകുപ്പുമന്ത്രി	5,39,076	4,08,176	74,993
18.	ഡോ. എം. കെ. മുനീർ, പൊതുമരാമത്ത് വകുപ്പുമന്ത്രി	10,77,391	10,75,478	1,50,626
19.	ശ്രീ. എം. എം. ഹസ്സൻ, ഇൻഫർമേഷൻ ആന്റ് പാർലമെന്ററി അഫയേഴ്സ് വകുപ്പുമന്ത്രി	7,07,347	5,89,445	2,48,375
20.	പ്രൊഫ. കെ. വി. തോമസ്, ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി	9,84,711	4,38,484	5,44,141
21.	ശ്രീ. കെ. ബി. ഗണേഷ്കുമാർ, മുൻ ഗതാഗത വകുപ്പുമന്ത്രി	1,08,492	3,15,502	68,820
22.	ശ്രീ. കെ. മുരളീധരൻ, മുൻ വൈദ്യുതി വകുപ്പുമന്ത്രി	9,972	11,757	3,198

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 7

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം 15 (15) ദയവായി കാണുക]

നമ്പർ 11036/ഉപസി3/03/ഉപഭവ.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഉപദേശ സി) വകുപ്പ്,
തിരുവനന്തപുരം,
6-4-2004.

പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം.

സർ,

വിഷയം.—റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നത് സംബന്ധിച്ച്.

സൂചന.—1. കെ.പി.എസ്.സി.-യുടെ 7-9-2002-ലെ എ5(2)4182/2002/ജിഡബ്ലിയു നമ്പറിലുള്ള വിജ്ഞാപനം

2. കെ.പി.എസ്.സി.-യുടെ 1-4-2003-ലെ എ5(2)4182/2002/ജിഡബ്ലിയു നമ്പറിലുള്ള വിജ്ഞാപനം.

3. താങ്കളുടെ 26-3-2004-ലെ എ5(2)4182/02/ഗ.വി. നമ്പറിലുള്ള കത്ത്.

4. സർക്കാരിന്റെ ഇതേ നമ്പറിലുള്ള 26-3-2004-ലെയും 3-4-2004-ലെയും കത്തുകൾ.

സൂചനയിലെ കത്തുകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി തീരുന്ന 4-2-2004-നു ശേഷം സർക്കാരിൽ നിന്നുമുള്ള കത്ത് ലഭിച്ചതിനാൽ 4-2-2004-ന് കാലാവധി അവസാനിപ്പിച്ച റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാൻ കഴിയുകയില്ല എന്നാണ് സൂചന 3-ലെ കത്തിൽ താങ്കൾ അറിയിച്ചിരിക്കുന്നത്. എന്നാൽ ഇതിനുമുൻപ് രണ്ട് പ്രാവശ്യം റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി നീട്ടിക്കൊണ്ട് സൂചന 1-ലെയും 2-ലെയും വിജ്ഞാപനങ്ങൾ കമ്മീഷൻ പുറപ്പെടുവിച്ചത് റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി തീർന്ന് മാസങ്ങൾക്കുശേഷമാണ്. 6-2-2002-ൽ കാലാവധി തീർന്ന് റാങ്ക് ലിസ്റ്റുകളുടെ കാലാവധി 5-2-2003 വരെ നീട്ടിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചത് 7-9-2002-ലും, 6-2--2003-ൽ കാലാവധി തീർന്ന റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി 5-8-2003 വരെ നീട്ടിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചത് 1-4-2003-ലും ആണ്. അതിനാൽ ഇപ്രാവശ്യവും അങ്ങനെ ചെയ്യുന്നതിന് മേൽപ്പറഞ്ഞ കാരണം ഒരു തടസ്സമായി കാണുന്നില്ല. ആവശ്യമായ നടപടികൾ സ്വീകരിച്ച് ഒരു മറുപടി അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

കെ. ജി. സരള,
അഡീഷണൽ സെക്രട്ടറി,
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി.

LIBRARY ARCHIVES Kerala Legislative Assembly